# സെൻ്റ് ജോസഫ്സ് എൽ പി സ്കൂൾ
## കൂടത്തായ്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# സെന്റ് ജോസഫ്സ് എൽ പി സ്കൂൾ

## കൂടത്തായ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

*അക്കാദമിക് മാസ്റ്റർ പ്ലാൻ*

( മലയാളം,പരിസര പഠനം

കലാ വിദ്യാഭ്യാസം

പ്രവർത്തിപരിചയം

ആരോഗ്യ കായിക വിദ്യാഭ്യാസം )

*ലക്ഷ്യങ്ങൾ*

▪ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര എഴുത്തുകാരും വായനക്കാരും ആക്കുക.

▪ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല്യ സാഹിത്യകൃതികൾ, കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

▪ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ പറയാനും എഴുതി പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

▪ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുകയും വായനാ കളരികളിൽ പ്രദർശിപ്പിക്കാനും അവതരിപ്പിക്കാനുള്ള ശേഷിയുള്ളവരാക്കുക.

▪സംയുക്ത ഡയറിയിലൂടെ അക്ഷരങ്ങൾക്കും ലിപികൾക്കും കൂടുതൽ പുനർ അനുഭവം സാധ്യത സൃഷ്ടിക്കുക.

▪രചനോത്സവം, വായനോത്സവം, കഥയരങ്ങ്, പാട്ടരങ്ങ് എന്നിവയിലൂടെ സർഗാത്മകശേഷി വികസിപ്പിക്കുക.

▪പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള ശേഷികൾ വികസിപ്പിക്കുക.

*ലളിതമായ വ്യായാമങ്ങളിലും കളികളിലും ഏർപ്പെടാനുമുള്ള അവസരമൊരുക്കുക.

*ജൂൺ*

▪ഒന്നൊരുക്കം

▪സന്നദ്ധതാ പ്രവർത്തനങ്ങൾ

▪കഥാവേള. രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്നു.

▪ ചെറു സദസ്സുകളിൽ കഥകൾ പാട്ടുകൾ അഭിനയ ഗാനങ്ങൾ ഒറ്റയ്ക്കും കൂട്ടായും അവതരിപ്പിക്കുന്നു.

▪സംയുക്ത ഡയറി എഴുതി തുടങ്ങുന്നു.

*ജൂലൈ*

▪വായന അനുഭവം ക്ലാസിൽ പങ്കിടുന്നു.

▪ വായനോത്സവം(ക്ലാസ് തലം)

▪ പക്ഷി ചിത്രങ്ങളുടെ ആൽബനിർമാണം.

▪ പ്രദർശനം

▪ കൗതുക വസ്തുക്കൾ നിർമിക്കുന്നു.

▪ക്ലാസ് പിടിഎ (കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ, വീഡിയോ പ്രദർശനം. (വായന, അരങ്ങ്, പക്ഷിച്ചിത്ര വിവരണം)

*ആഗസ്ത്*

▪ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

▪കടങ്കഥ കേളികളിൽ ഏർപ്പെടുന്നു.

▪ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ എഴുതുന്നു.

*സെപ്റ്റംബർ*

▪ വിവിധ കളികളിൽ ഏർപ്പെടുന്നു.

▪ റോൾപ്ലേ, റിഡേഴ്സ് തിയേറ്റർ എന്നീ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നു. *ഒക്ടോബർ*

▪ആഹാരപദാർത്ഥങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

▪ ചിത്രം നോക്കി കഥയെഴുതുന്നു.

▪ വരികൾ കൂട്ടിച്ചേർക്കുന്നു. *നവംബർ*

▪ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

▪ജലസ്രോതസ്സുകൾ കണ്ടെത്തുന്നു, രേഖപ്പെടുത്തുന്നു. ഉപയോഗങ്ങൾ എഴുതുന്നു.

*ഡിസംബർ*

▪സ്വന്തമായി കഥകൾ രചിക്കുന്നു.

▪ചിത്രകഥകൾ ഉണ്ടാക്കുന്നു.

▪ഡയറി എഴുതുന്നു.

*ജനുവരി*

▪ചെറുവിവരണങ്ങൾ തയ്യാറാക്കുന്നു.

▪ സംഭാഷണങ്ങൾ എഴുതുന്നു.

▪വായന സാമഗ്രികൾ വായിക്കുന്നു.

ഗണിതം

1. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും

2. രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം

3. രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം

4. ഒരക്ക സംഖ്യാ വ്യാഖ്യാനം.

5. ഒരക്ക സംഖ്യാ പാറ്റേൺ.

6. ഒരക്ക സംഖ്യകൾ ആരോഹണ / അവരോഹണ ക്രമത്തിലാക്കൽ.

7.രണ്ടക്ക സംഖ്യ (20 - ൽ താഴെ ) കളുടെ സങ്കലനം.

8. രണ്ടക്ക സംഖ്യ (20-ൽ താഴെ) കളുടെ വ്യവകലനം

9.20 - ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം.

10. 20 - ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ

11, ഒന്നു മുതൽ 100 വരെ എഴുതാനും വായിക്കാനും ,

12. പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും )

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time – June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. Collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

🔘 ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

🔘 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

🔘 1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

🔘 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

🔘 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

🔘 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

● പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

● വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

● സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

● ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

● ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

● വിലവിവരപട്ടിക തയ്യാറാക്കൽ

● ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

◆ രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

◆ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

◆ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

◆ വായനാ സാമഗ്രികൾ നിർമിക്കൽ

◆ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✲ ജൂലൈ ✲

◆ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

◆ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

◆ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

◆ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

◆ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

◆ വീട്ടു ലൈബ്രറി ഒരുക്കൽ

◆ ചിത്ര വിവരണം

◆ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

◆ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

◆ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

◆ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

◆ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

✲✲✲✲✲

✎ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

✎ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

✲✲✲

✎ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✲✲✲✲

✤ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✤ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✤✤✤✤

✤ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✤ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

❧❧❧❧

✤ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✤ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

✿✿✿

♣ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

♣ ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

♣ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

♣ വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

♣ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

♣♣♣♣♣♣♣♣♣♣

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time – June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. Collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

Std 3 2025-2026

ഗണിതം : അക്കാദമിക മാസ്റ്റർ പ്ലാൻ

ആമുഖം : ഒന്ന് രണ്ട് ക്ലാസിലെ അറിവുകൾ സ്വയമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന നിത്യത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിൽ പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ മൂല്യവും ഗുണന നിലവാരവും ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

ലക്ഷ്യങ്ങൾ:

- മുഴുവൻ കുട്ടികൾക്കും ഒന്ന് മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കുക.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക ചങ്ങലയിലൂടെ ഉറപ്പിക്കുക.

പ്രവർത്തന പദ്ധതികൾ:

ജൂൺ

- ഗണിത വിജയം കളികൾ
- സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു ( രണ്ടക്ക സംഖ്യകൾ ) കിട്ടിയ സംഖ്യ വായിക്കുന്നു
- മറ്റുള്ള കുട്ടികൾ സംഖ്യ എഴുതുന്നു
- തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.
- ആരോഹണം അവരോഹണം ക്രമത്തിൽ പറയുന്നു എഴുതുന്നു.

ജൂലൈ :

- ഇഷ്ടമുള്ള മൂന്നക്ക സംഖ്യകൾ എഴുതുന്നു ( പത്തെണ്ണം )
- ഇവയെ കളി നോട്ട് ഉപയോഗിച്ച് ഒന്ന് 10 നൂറിന്റെ കൂട്ടങ്ങൾ ആക്കി മാറ്റുന്നു.
- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം.
- ഗ്രൂപ്പിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.

ഓഗസ്റ്റ് :

- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
- അരവിന്ദ് ഗുപ്ത കാർഡുകൾ ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു.
- നൂറു വീതം കൂട്ടി ആയിരം വരെ പറയുന്നു.

സെപ്റ്റംബർ :

* സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു.
* അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, എന്നിവ കണ്ടെത്തുന്നു.
* ക്രിയ ചെയ്യുന്നു.

ഒക്ടോബർ :

* ഗണിത വിജയം കളികൾ. ( തുടർച്ച)
* അധ്യാപികB . B യിൽ സംഖ്യ എഴുതുന്നു.
* വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകൽ
*

ക്രിയ ചെയ്ത് അവരുടെ ഉത്തരമാണ് BB യിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

നവംബർ :

* വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
* കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
* കുട്ടികൾ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തുന്നു.

ഡിസംബർ :

* വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ.
* ഗണിതശയ ത്രൂപീകരണം നടത്തൽ.
* അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത മൂന്നക്ക സംഖ്യകൾ ഉണ്ടാക്കൽ.
* ഗണിത കേളികളിൽ ഏർപ്പെടുന്നു.

ജനുവരി :

* കച്ചവട കണക്ക്(ക്ലാസ്സിൽ )
* കുട്ടികളുടെ ബുക്ക് പേന പെൻസിൽ etc. ഇവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.
* കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി കളിക്കുന്നു.
* സാധനം വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു.
* പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

ഫെബ്രുവരി :

* പ്രായോഗിക പ്രശ്നപരിഹരണം നടത്തുന്നു.
* ത്രാസ് അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം.

മാർച്ച് :

* ഗണിത വിജയപ്രവർത്തനങ്ങൾ ഉറപ്പുവരുത്തൽ.
* CPTA നടത്തുന്നു
* മികവുകൾ പരിചയപ്പെടുത്തുന്നു.
* അവതരിപ്പിക്കുന്നു.

Std 3 2025-26

മലയാളം മാസ്റ്റർ പ്ലാൻ

ആമുഖം :

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവ് ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായി നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ആണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയും ഉള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം :

• ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ ( ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)

പ്രവർത്തന പദ്ധതികൾ

ജൂൺ

• വിജയസ്പർശം
• പ്രീ ടെസ്റ്റ് നടത്തുന്നു.
• അവലോകനം നടത്തൽ.
• സി പിടിഎ മീറ്റിംഗ് നടത്തുന്നു.
•വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.

ജൂലൈ:
• ചിത്രം വീഡിയോ കാണിക്കുന്നു.
• വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു
• ഓരോന്നിന്റെയും പേരുകൾ പറയുന്നു, എഴുതുന്നു. ( പദസൂര്യൻ )
• മറ്റു പദങ്ങൾ കണ്ടെത്തി എഴുതുന്നു.

ആഗസ്റ്റ്:
• ഡിജിറ്റൽ സാഹിത് ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും പുനര അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.
• കടയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു എഴുതുന്നു.
• വാക്യങ്ങൾ നിർമ്മിക്കുന്നു.

സെപ്റ്റംബർ:
• കഥ അവതരിപ്പിക്കുന്നു
• ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു.

• കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു പേര് എഴുതുന്നു.

ഒക്ടോബർ :
• വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ.
• ചിത്രം നോക്കി പേരെഴുതൽ.
•"മല ", വലിയ മല, മരങ്ങളുടെ വലിയ മല "
• ഇതുപോലെയുള്ള മറ്റു വാക്യങ്ങൾ സ്വയം കണ്ടെത്തൽ എഴുതൽ.

നവംബർ:

* ചിഹ്നങ്ങൾ ഉറപ്പിക്കൽ

•ICT ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ. പരിചിതമായ വാക്യങ്ങൾ, ചിഹ്നങ്ങൾ, ഇല്ലാതെ നൽകൽ.

* ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു.

ജനുവരി :

* അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
* കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു.
* കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

ഫെബ്രുവരി :

* കഥാപാത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.
* ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
* കഥാപാതിപ്പ് തയ്യാറാക്കുന്നു.

മാർച്ച് :

•CPTA നടത്തുന്നു

* വായനയിലും എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* മികവുകൾ പരിചയപ്പെടുത്തുന്നു.
* അവതരിപ്പിക്കുന്നു.

Std 3 2025-26

പരിസരപഠനം - അക്കാദമി മാസ്റ്റർ പ്ലാൻ

ആമുഖം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ക്ലാസിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവിസ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ, എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാർ ആക്കി മാറ്റുക.

ലക്ഷ്യം:

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവർ ആക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെട്ട ശാസ്ത്രീയ മനോഭാവം വളർത്തുക.

പ്രവർത്തന പദ്ധതികൾ:

ജൂൺ, ജൂലൈ

- പ്രീ ടെസ്റ്റ്
- അവലോകനം
- പ്രകൃതി നടത്തം
- ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം.
- പ്രത്യേകതകൾ മനസ്സിലാക്കൽ
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച
- സ്കൂൾ പച്ചക്കറി തോട്ടം നിർമ്മാണം( പരിസ്ഥിതി ദിനം)
- പരിപാലനം
- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ
- പരിസര മലിനീകരണം ( ചർച്ച) പരിസരം മലിനീകരണം ജല മലിനീകരണം
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

ജൂലൈ -സെപ്റ്റംബർ

- ദിന കൃത്യങ്ങൾ
- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പിക്കുന്നു.
- ദിവസ പരിശോധന- ചുമതലയ്ക്ക് ഗ്രൂപ്പുകൾ ആക്കുന്നു.
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.
- വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- പരിസരങ്ങളിൽ പതിപ്പിക്കുന്നു.

ഒക്ടോബർ -ഡിസംബർ

- ഫീൽഡ് ട്രിപ്പ്, നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ( കുളം വയൽ പുഴ)
- പ്രകൃതി സംരക്ഷണം പോസ്റ്റർ തയ്യാറാക്കുന്നു.
- പരിസരങ്ങളിൽ പതിക്കുന്നു.

ജനുവരി -മാർച്ച്

- ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.
- പക്ഷി നിരീക്ഷണത്തിന് അവസരം.
- ചക്കര തോട്ടത്തിൽ കിളികൾക്ക് ദാഹജല സജ്ജീകരിക്കുന്നു.

Std 3 2025-26

English - master plan

Aim
- To speak read &write
- English without any mistakes.

Time
June to March

- To check the vocabulary and writing skills of pupils

Activities

June and July

- Pri test
- To develop listening skills and reading skills.

Listening skills

- Games, action songs.
- Hello English activities.
- Conversations
- Skits, stories,use ICT.

Speaking skills
- Identify the meaning words from the picture.
- Identify the action words from the same picture.

- Make the Simple sentences using the action words about the picture.
- Make simple description about the picture.
- Growing sentences picture reading self introductions

August and September

- Develop the creative speaking and writing.

Reading skills
- Find words
- Book reading
- collect and read past tense.
- Rhyming words.
- TB activities

Writing skills

- Make word web
- Picture description
- Word chain
- Make words,sentences
- Make riddles conversations
- Add more lines

October and November

- To express thoughts feelings etc.

Reading skills

- Library book reading
- Conversation, skit, stories,use ICT
- Read notice
- Develop story

Writing skills

- Description
- Thoughts

December and January

Develop the creative speaking and writing.

Reading skills
•Library books reading.
•Conversation,skit, stories, use ICT.
•Develop story
•Read diary

Writing skills

•Diary
•Announcement

February and March

To improve the presentation power

Reading skills
•Library books reading.
•Conversation, skit, stories

- Develop story.

Writing skills

- Diary
- Descriptions
- Thoughts
- Exhibitio

# അക്കാദമിക

# മാസ്റ്റർപ്ലാൻ

# അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | [illegible] |
|---|---|---|---|---|---|
| 1. | അറബിക് മധുരം:<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന:<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | സമാഹരണം:<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്ക ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്തികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ.<br>* ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | | | |

# 4 മലയാളം

## സന്നദ്ധതാപ്രവർത്തനങ്ങൾ

- ❖ സാമഗ്രികൾ
  - → എ4 ഷീറ്റുകൾ
  - → മാർക്കർ
  - → അനിമേഷൻ സിഡി കൾ
    - പ്രകൃതിദൃശ്യം
    - മൃഗങ്ങളുമായി ബന്ധപ്പെട്ടവ
  - → ചിത്രചാർട്ടുകൾ
  - → വായനാ കാർഡുകൾ

- ❖ പ്രവർത്തനം - 1
  - → അവധിക്കാല അനുഭവങ്ങൾ - ചർച്ച
  - → ടീച്ചർ സ്വാനുഭവം പറയൽ
  - → അവധിക്കാല വിശേഷങ്ങൾ വാചികമായി അവതരണം (റാൻഡം)
  - → ചർച്ച - അവതരിപ്പിച്ച കാര്യങ്ങൾ
  - → വിവരണത്തിലേക്ക്
  - → വിവരണം തയ്യാറാക്കൽ - വ്യക്തിഗതം
  - → ഗ്രൂപ്പിൽ മികച്ചത് കണ്ടെത്തൽ
  - → ഓരോ ഗ്രൂപ്പും മികച്ച വിവരണം വായിച്ചവതരിപ്പിക്കുന്നു
  - → ഓരോ ഗ്രൂപ്പും കണ്ടെത്തിയ വിലയിരുത്തൽ സൂചകങ്ങൾ ടീച്ചർ ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു. ശേഷം ടീച്ചറും കുട്ടികളും ചേർന്ന് വിലയിരുത്തൽ സൂചകങ്ങൾ കണ്ടെത്തുന്നു വിവരണം വിലയിരുത്തുന്നു.
  - → വിവരണത്തിന്റെ എഡിറ്റിംഗ് സാധ്യതകൾ കൂടി ഈയവസരത്തിൽ പരിഗണിക്കേണ്ടതുണ്ട്.

പ്രവർത്തനം - 2

കുട്ടികളുടെതായ വിവരണത്തിന്റെ എഡിറ്റിംഗ് നടത്തുന്നു.

- ➢ ആശയപരമായ എഡിറ്റിംഗ്
- ➢ ശൈലീപരമായ എഡിറ്റിംഗ്
- ➢ പ്രയോഗപരമായ എഡിറ്റിംഗ്
- ➢ പദപരമായ എഡിറ്റിംഗ്
- ➢ അക്ഷരപരമായ എഡിറ്റിംഗ്

- വ്യവഹാരപരമായ എഡിറ്റിംഗ് കൂടി പരിഗണിച്ചതിന് ശേഷം മികച്ച വിവരണം കണ്ടെത്തൽ
- ചർച്ച - ടീച്ചർ വേർഷനുമായി തട്ടിച്ചുനോക്കൽ, ശേഷം നോട്ടുബുക്കിലേക്ക്..
- ചർച്ച - എഡിറ്റിംഗിന്റെ നേട്ടങ്ങൾ
- ഇനിയും മുന്നോട്ട് പോകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
- ഓരോ കുട്ടിയുടെയും നിലയറിയുന്നതോടൊപ്പം കുട്ടിക്ക് നൽകേണ്ട പിന്തുണാമേഖലകൾ കണ്ടെത്തൽ
- ഗുണാത്മക കുറിപ്പുകൾ തയ്യാറാക്കി നൽകൽ
- സ്വന്തം വിവരണം മാറ്റി എഴുതൽ ശേഷം വിവരണപതിപ്പ് തയ്യാറാക്കൽ
- തുടർപ്രവർത്തനങ്ങൾ ഉറപ്പിക്കൽ

പ്രവർത്തനം - 3

അവധിക്കാലത്ത് മാമ്പഴച്ചോട്ടിൽ നിറയെ വിരുന്നുകാരെത്തി. കുഞ്ഞനണ്ണാൻ, മണിയനുറുമ്പ്, മണിക്കുട്ടി, ഉണ്ണിക്കുട്ടൻ, ആമിന, റോസി, എല്ലാവരും ആഹ്ലാദത്തിലാണ്. നിറയെ മുഴുമുഴുത്ത പഴുത്ത മാമ്പഴങ്ങൾ, അവരെല്ലാവരും സന്തോഷത്തിലാണ്. അവരെന്താവും പറയുന്നത്?

| | | |
|---|---|---|
| കുഞ്ഞനണ്ണാൻ | - | ഹായ് നല്ല തുടുത്ത മാമ്പഴങ്ങൾ |
| റോസി | - | അതെയതെ നല്ല മധുരവുമുണ്ട് കേട്ടോ |
| മണിയനുറുമ്പ് | - | ------------ |
| -------------- | - | ------------------- |
| -------------- | - | ------------------ |
| -------------- | - | --------------------- |
| --------------- | - | --------------------- |
| --------------- | - | --------------------- |
| --------------- | - | --------------------- |

- വ്യക്തിഗതമായി സംഭാഷണം തയ്യാറാക്കുന്നു.
- ഗ്രൂപ്പിൽ മികച്ചത് കണ്ടെത്തൽ - അവതരണം
- എഡിറ്റിംഗ് നടത്തൽ
- സംഭാഷണത്തെ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു.
- മികച്ചത് കണ്ടെത്തൽ
  (തയ്യാറാക്കിയ സംഭാഷണം അഭിനയിക്കാനും ചിത്രീകരിക്കാനും അവസരം നൽകാവുന്നതാണ്.)

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം.. ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടത്തൽ- മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര വേദിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ഡസാരം<br>പതിപ്പ് ചാർട്ട്.<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം - | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

# ENGLISH

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

| | | | |
|---|---|---|---|
| • Adds lines to a poem following a set pattern. | Add more lines. | • Plays the audio of song.<br>• Let the learner sing after the audio.<br>• Adds lines to the poem | July to December |
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |